## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.277 — 26.09.2016 ൽ മറുപടിയ്ക്ക്

### ഗുണമേന്മയുള്ള, വിലകുറഞ്ഞ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഗുണമേന്മയുള്ളതും വിലകുറഞ്ഞതുമായ ഭക്ഷ്യ സാധനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ഗുണനിലവാരം ഉറപ്പാക്കിയ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നതിനായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നുണ്ട്.<br><br>സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന ഉൽപ്പന്നങ്ങൾക്കു പുറമെ ഇ-ടെൻഡർ വഴി വാങ്ങുന്ന അരി, പയറു വർഗ്ഗങ്ങൾ, പഞ്ചസാര, മുളക്, മല്ലി, മുതലായവ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP/ മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.<br><br>യഥാർത്ഥ ഉപഭോക്താവിനു മാത്രമേ സബ്‌സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കു എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചിട്ടുണ്ട്. SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇൻറേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. |
| (ബി) | പൊതുവിപണിയിലെ വില നിലവാരം പിടിച്ചു നിർത്തുന്നതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ? | (ബി) | 2016 - 17 സാമ്പത്തിക വർഷത്തിൽ 13/09/2016 (ഓണം - 2016) വരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റിടപെടൽ പദ്ധതി, സ്പെഷ്യൽ പഞ്ചസാര വിതരണം, ബി.പി.എൽ. കിറ്റ് വിതരണം എന്നീ വകയിൽ ഇതുവരെ 131.42 കോടി രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ